# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1870 — 22.03.2012 -ലെ മറുപടിക്ക്

## ജവാന്മാരുടെ ആശ്രിതർക്കുള്ള ആനുകൂല്യം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി

| ചോദ്യം<br><br>**ശ്രീ. ഇ.കെ. വിജയൻ** | മറുപടി<br><br>**ശ്രീ. ഉമ്മൻ ചാണ്ടി**<br>**( മുഖ്യമന്ത്രി)** |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൈനിക - അർദ്ധ സൈനിക വിഭാഗങ്ങളിലായി ഡ്യൂട്ടിക്കിടയിൽ മരണമടഞ്ഞ ജവാന്മാരുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) സൈനിക /അർദ്ധസൈനിക വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് യഥാക്രമം കേന്ദ്ര പ്രതിരോധ/ ആഭ്യന്തര മന്ത്രാലയങ്ങളാണ്. ആയതിനാൽ ഡ്യൂട്ടിക്കിടയിൽ മരണമടഞ്ഞ ജവാന്മാരുടെ കണക്ക് സംസ്ഥാന സർക്കാരിൽ ലഭ്യമല്ല. |
| (ബി) മരണമടഞ്ഞ സൈനിക - അർദ്ധ സൈനിക വിഭാഗം ജീവനക്കാരുടെ ആശ്രിതർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സംസ്ഥാന സർക്കാർ നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (ബി)<br>(i) യുദ്ധത്തിലോ യുദ്ധസമാന സാഹചര്യങ്ങളിൽ ഓപ്പറേഷൻ ഏരിയായിൽ വെച്ചോ മരണപ്പെടുകയോ കാണാതാവുകയോ അംഗഭംഗം സംഭവിക്കുകയോ ചെയ്യുന്ന സൈനികരുടെയും മിലിട്ടറി യൂണിറ്റുമായി അറ്റാച്ച് ചെയ്ത് മേൽ സാഹചര്യങ്ങളിൽ മരണപ്പെടുകയോ കാണാതാവുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന GREF/BSF ജവാന്മാരുടെയും ആശ്രിതർക്ക് നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി നൽകുന്നു.<br><br>(ii) മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും, യുദ്ധ സമാന സാഹചര്യങ്ങളിൽ |

<table>
<tr>
<td></td>
<td>മരണപ്പെടുന്ന സൈനികരുടെ ആശ്രിതർക്ക് പുതുക്കിയ നിരക്കനുസരിച്ച് 10 ലക്ഷം രൂപ വരെയും അർദ്ധ സൈനിക വിഭാഗത്തിൽ പ്പെടുന്നവർക്ക് 5 ലക്ഷം രൂപ വരെയും സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>(iii) കൂടാതെ 15,000/- രൂപ അടിയന്തിര സാമ്പത്തിക സഹായവും നൽകി വരുന്നു.</td>
</tr>
<tr>
<td>(സി) ഇതുവരെയായി സംസ്ഥാന സർക്കാർ നൽകിയ ആനുകൂല്യങ്ങളുടെ വിവരം പേര് സഹിതം ജില്ല തിരിച്ച് ലഭ്യമാക്കാമോ;</td>
<td>(സി) (i) <u>തൊഴിൽ സഹായം നൽകിയിട്ടുള്ളത്</u>
<table>
<tr><th><u>അപേക്ഷകന്റെ പേര്</u></th><th><u>ജില്ലയുടെ പേര്</u></th></tr>
<tr><td>1. ശ്രീ. രാജേഷ് ആർ. നായർ<br>[EX GNR No. 15128442 W]</td><td>തിരുവനന്തപുരം</td></tr>
<tr><td>2. ശ്രീമതി. നിഷ.എൻ. ആർ<br>[W/o Late Sub Mrithunjayan. V.D]</td><td>ആലപ്പുഴ</td></tr>
<tr><td>3. ശ്രീമതി. സൂര്യ എം.ബി.<br>[D/o. Late Sub M. Balasubramaniyan]</td><td>കോഴിക്കോട്</td></tr>
<tr><td>4. ശ്രീമതി. പ്രഭാ ആനന്ദ്<br>[W/o. Late BSF Jawan B. Anandakuttan]</td><td>കൊല്ലം</td></tr>
</table>
<br>
(ii) <u>സാമ്പത്തിക സഹായം</u>
<table>
<tr><th>പേര്</th><th>തുക</th><th>ജില്ല</th></tr>
<tr><td>ശ്രീമതി. വിമല കുമാരി<br>[M/o. Late CRPF Jawan Pradeep R.V. Nair]</td><td>2,00,000/-</td><td>തിരുവനന്തപുരം</td></tr>
</table>
</td>
</tr>
</table>

<table>
<tr>
<td></td>
<td>

**(iii) <u>അടിയന്തിര സാമ്പത്തിക സഹായം</u>**

<table>
<tr><th>പേര്</th><th>തുക</th><th>ജില്ല</th></tr>
<tr><td>1. ശ്രീ. മോഹൻ കുമാർ<br>[F/o. Late സൂരജപിള്ള (IAF)]</td><td>5,000/-</td><td>എറണാകുളം</td></tr>
<tr><td>2. ശ്രീമതി. ജാനു ചതുറോളി<br>[M/o Late ദിലീഷ് ചതുറോളി (പാരാമിലിട്ടറി ]</td><td>5,000/-</td><td>കോഴിക്കോട്</td></tr>
<tr><td>3. ശ്രീമതി. ജാനു<br>[M/o CFN Late. ഷിജു. ജെ.പി. (ആർമി) ]</td><td>15,000/-</td><td>കേഴിക്കോട്</td></tr>
</table>

</td>
</tr>
<tr>
<td>(ഡി) രാജ്യത്തിനു വേണ്ടി ജീവൻ ബലി കൊടുത്ത ജവാന്മാരുടെ ആശ്രിതർക്കുള്ള ആനു കൂല്യം വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?</td>
<td>(ഡി) ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവു കളിലെ വ്യവസ്ഥകൾക്കനുസൃതമായി നൽകുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടിയെടുത്തു വരുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ